# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1223 07.06.2018 ൽ മറുപടിക്ക്**

**കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ.ജി.സുധാകരൻ (ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ കയ്യേറുന്നത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; പ്രസ്തുത റോഡുകൾക്ക് കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആക്ട് പ്രകാരം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ കയ്യേറുന്നത് തടയുന്നതിനായി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി സ.ഉ. (കൈ)നം. 63/16/പൊ.മ.വ, തീയതി 03/09/2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവനുസരിച്ച് കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ തന്നെ അവ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ടി ഉത്തരവ് പ്രകാരം സംസ്ഥാനത്തെ നാഷണൽ ഹൈവേയും, സ്റ്റേറ്റ് ഹൈവേയും, പ്രധാന റോഡുകളും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 13) പ്രകാരമുള്ള ഹൈവേ ആയി പ്രഖ്യാപിച്ചുകൊണ്ടും, ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി എൻ.എച്ച് പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിട്ടിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൻ.എച്ചിനേയും, സ്റ്റേറ്റ് ഹൈവേയുടേയും, പ്രധാന ജില്ലാ റോഡുകളുടേയും അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (ആർ & ബി) യേയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 4) പ്രകാരം നിയമിച്ചും ഉത്തരവായിട്ടുണ്ട്. ആയതിനാൽ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് കർശനമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (ബി) സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് റോഡുകളിലെ കയ്യേറ്റങ്ങൾ സമയാസമയങ്ങളിൽ കണ്ടെത്തി ഒഴിപ്പിക്കുന്നതിന് നിലവിലുള്ള സംവിധാനമെന്താണ്; | (ബി) ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ഫീൽഡ് ആഫീസർമാർ സൈറ്റ് ഇൻസ്പെക്ഷൻ നടത്തി കൈയ്യേറ്റം ബോധ്യപ്പെട്ടാൽ നിശ്ചിത സമയത്തിനുള്ളിൽ സ്വമേധയാ ഒഴിഞ്ഞു പോകുന്നതിന് നോട്ടീസ് നൽകും, ഒഴിഞ്ഞ് പോകാതിരുന്നാൽ വകുപ്പിൽ നിന്നും നേരിട്ട് ഒഴിപ്പിക്കുകയും കൈയ്യേറിയ വസ്തുക്കൾ പിടിച്ചെടുത്ത് പൊതു ലേലം നടത്തി സർക്കാരിലേക്ക് കണ്ടു കെട്ടുകയും ചെയ്യും. മാത്രമല്ല ഒഴിപ്പിക്കുന്നതിനുള്ള ചെലവ് പിഴ സഹിതം ഈടാക്കുകയും ചെയ്യും. |
| (സി) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡ് കയ്യേറ്റങ്ങൾ, കാഴ്ചയെ മറച്ചുള്ള വലിയ പരസ്യ ബോർഡുകൾ, റോഡിനിരുവശത്തും അപകടകരമായ രീതിയിൽ സിഗ്നലുകൾ പോലും കാണാൻ കഴിയാത്ത തരത്തിൽ ഉയർത്തിക്കെട്ടിയിരിക്കുന്ന ഫ്ലക്സ് ബോർഡുകൾ, ഹോർഡിങ്ങുകൾ ഇവ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (സി) പൊതുമരാമത്ത് വകുപ്പിന്റെ അനുമതിയില്ലാതെ സ്ഥാപിക്കുന്ന പരസ്യ ബോർഡുകൾ, ഫ്ലക്സ് ബോർഡുകൾ, ഹോർഡിങ്ങുകൾ തുടങ്ങിയവ ശ്രദ്ധയിൽപ്പെടുമ്പോൾ Highway Protection Act പ്രകാരം പോലീസിന്റെ സഹായത്തോടെ എവിക്ഷൻ നടത്തി നീക്കം ചെയ്യാറുണ്ട്. ആയവ പൊതുലേലം നടത്തി തുക സർക്കാരിലേക്ക് അടയ്ക്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**